(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. മൽസ്യകർഷക വികസന ഏജൻസികളും മുഖേന സംസ്ഥാനത്ത് മൽസ്യക്കൃഷി വികസിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. കൂടാതെ ചെമ്മീൻകൃഷി വികസനത്തിനു വേണ്ടിയുള്ള പദ്ധതിയായ ചെമ്മീൻ വളർത്തൽ കേന്ദ്രങ്ങളും (ആയിരംതെങ്ങ്, ഞാറയ്ക്കൽ, പാലെക്കരി) പുതുക്കിപ്പണിയുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

(ബി) മേൽപ്പറയുന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി വിഹിതത്തിന്റെ 50% കേന്ദ്ര സഹായമായി ലഭിക്കുന്നു.

മൽസ്യസംസ്കരണകോർപ്പറേഷൻ രൂപീകരണം

1133 [2064] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫീഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ, മൽസ്യബന്ധന സംസ്കരണ വിപണനത്തിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മലമ്പുഴ, പോളച്ചിറ തുടങ്ങിയ മൽസ്യ ഉൽപ്പാദന കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന കാഷ്വൽ തൊഴിലാളികൾ

1134 [2065] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ മലമ്പുഴ, പോളച്ചിറ തുടങ്ങിയ മൽസ്യ ഉൽപ്പാദന കേന്ദ്രങ്ങളിൽ പണിയെടുക്കുന്ന കാഷ്വൽ തൊഴിലാളികൾ എത്ര;

(ബി) ഇവരുടെ കൂലിനിരക്കും മറ്റ് നിബന്ധനകളും ആരാണ് നിശ്ചയിക്കുന്നത്;

(സി) നിലവിലുള്ള വേതന നിരക്കുകൾ എത്രയാണ്?

ഉത്തരം

(എ) 4 മുതൽ 15 വരെ കാഷ്വൽ തൊഴിലാളികൾ മലമ്പുഴയിലും, 4 മുതൽ 8 വരെ കാഷ്വൽ തൊഴിലാളികൾ പോളച്ചിറയിലും പണിയെടുക്കുന്നുണ്ട്.

(ബി) പി. ഡബ്ലിയു. ഡി. നിശ്ചയിക്കുന്ന കൂലിനിരക്ക് ഇവർക്കും ബാധകമാക്കിയിട്ടുണ്ട്.

(സി) ഒരു ദിവസത്തേക്ക് 15 രൂപ.

LIBRARY ARCHIVES Kerala Legislative Assembly